## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 7149 11/07/2014-ൽ മറുപടിയ്ക്ക്

## ചേർത്തല മനോരമ ജംഗ്ഷൻ വികസനം

### ചോദ്യം

ശ്രീ. പി. തിലോത്തമൻ

(എ) ചേർത്തല മനോരമ ജംങ്ഷൻ വികസനവുമായി ബന്ധപ്പെട്ട സ്ഥലമെടുപ്പു നടപടികൾ ഏതു ഘട്ടംവരെയായി എന്നു പറയാമോ ;

(ബി) സ്ഥലമെടുപ്പുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലാ കളക്ടർ ചേർത്തല ശ്രീനാരായണ മെമ്മോറിയൽ ഗവൺമെന്റ് ബോയ്സ് ഹൈസ്കൂൾ ആഡിറ്റോറിയത്തിൽ ഉദ്യോഗസ്ഥരുടെയും, വ്യാപാരി സംഘടനകളുടെയും യോഗം വിളിച്ചു ചേർത്തത് എന്നായിരുന്നു എന്നു പറയുമോ; ഈ യോഗത്തിന്റെ മിനിറ്റ്സിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത യോഗത്തിൽ വച്ച് ജില്ലാ കളക്ടറുടെ പ്രഖ്യാപന പ്രകാരമുള്ള പുനരധിവാസ പാക്കേജ് ഏതു ഘട്ടത്തിലാണെന്നു പറയാമോ;

(ഡി) ഇതിനായുള്ള സ്ഥലമെടുപ്പു നടപടികൾക്കായി പൊതുമരാമത്ത്-റവന്യൂ ഉദ്യോഗസ്ഥരിൽ നിന്നും റിപ്പോർട്ട് ആവശ്യപ്പെട്ട് ജില്ലാ കളക്ടർ കത്ത് നൽകിയത് എന്നായിരുന്നു; പ്രസ്തുത കത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ; ഈ റിപ്പോർട്ട് ലഭിച്ചോ എന്നു പറയാമോ; ഈ റിപ്പോർട്ടുകൾ ലഭിക്കാൻ തുടർന്ന് കളക്ടറേറ്റിൽ നിന്നും കത്തിടപാടുകൾ നടത്തി

### ഉത്തരം

ശ്രീ. അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പുമന്ത്രി)

(എ)യും (ബി) യും (സി)യും

ചേർത്തല മനോരമ കവലയുടെ വികസനത്തിനായി 335 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. സ്ഥലമെടുപ്പിനായി ഏകദേശം 122 കടകൾ പൊളിച്ചു മാറ്റേണ്ടതുണ്ട്. ഇവരെ പുനരധിവസിപ്പിക്കുന്നതിനുള്ള സ്ഥലം കണ്ടെത്തുന്നതിനായി 27-09-2013-ൽ ആലപ്പുഴ ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ ബഹു. ചേർത്തല എം. എൽ. എ. യുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും പുനരധിവാസ പാക്കേജ് തയ്യാറാക്കുവാൻ പൊതുമരാമത്ത് വകുപ്പ് ഉദ്യോഗസ്ഥരേയും തഹസിൽദാരെയും ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. മിനിട്സിന്റെ പകർപ്പ് ഉള്ളടക്കം ചെയ്തിട്ടുണ്ട്.

(ഡി) 27-09-2013-ൽ ചേർന്ന യോഗത്തിന്റെ മിനിട്സ് 09-10-2013-ൽ പൊതുമരാമത്ത്, റവന്യു ഉദ്യോഗസ്ഥർക്ക് അയച്ചുകൊടുത്തിട്ടുള്ളതും, തുടർന്ന് 06-01-2014, 22-02-2014, 20-03-2014 തീയതികളിൽ ഇത് സംബന്ധിച്ച് കത്തിടപാടുകൾ നടത്തിയിട്ടുള്ളതുമാണ്. ആലപ്പുഴ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ 17-06-2014ൽ പുനരധിവാസത്തി

| | | | |
|---|---|---|---|
| | യത് എന്നായിരുന്നു എന്നു പറയാമോ; പ്രസ്തുത കത്തുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | | നുള്ള സ്ഥലം കണ്ടെത്തുവാൻ സാധ്യമായിട്ടില്ലെന്ന് അറിയിച്ചിട്ടുണ്ട്. കത്തുകളുടെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | മനോരമ ജംഗ്ഷൻ വികസനത്തിന് 335 ലക്ഷം രൂപ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുവദിച്ച് ഭരണാനുമതി ലഭിച്ച് ഇത്ര കാലം കഴിഞ്ഞിട്ടും ജോലി ആരംഭിക്കാൻ കഴിഞ്ഞില്ലെങ്കിൽ പ്രസ്തുത തുക ലാപ്സാകുമെന്ന് ബോധ്യപ്പെട്ടിട്ടുണ്ടോ; ഇപ്രകാരം നടപടികൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർ ആരെല്ലാമാണെന്നു വ്യക്തമാക്കുമോ; അവർക്കെതിരെ നടപടി സ്വീകരിക്കുമോ ? | (ഇ) | നടപടിക്രമങ്ങൾ പാലിച്ച് മാത്രമേ ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തീകരിക്കുവാൻ നിർവ്വാഹമുള്ളൂ. 122 കട ഉടമകളെ പുനരധിവസിപ്പിക്കുവാൻ സ്ഥലം കണ്ടെത്തുവാൻ കഴിഞ്ഞിട്ടില്ല. ഇതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. ഇക്കാര്യത്തിൽ മനഃപൂർവ്വമായ കാലതാമസം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്